മലബാർമേഖലയിൽ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്ത സംഭവം

63 (2776) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിൽ സർക്കാർ ഏറ്റെടുത്ത വനഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുത്ത സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ വിട്ടുകൊടുക്കേണ്ടിവന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര ഏക്കർ വനഭൂമിയാണ് ഇങ്ങനെ നഷ്ടപ്പെട്ടിട്ടുള്ളത് ;

(ഡി) കോടതി ഉത്തരവ് മൂലമാണോ വസ്തുക്കൾ കൊടുക്കേണ്ടി വന്നത് ;

(ഇ) കോടതിയിൽ ഗവൺമെന്റിനുവേണ്ടി ഹാജരായ അഭിഭാഷകർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട വനഭൂമികളിൽ അവകാശവാദം ഉന്നയിച്ച് സ്ഥലം തിരിച്ച് ലഭിക്കുന്നതിനായി മുൻ ഉടമസ്ഥർ നിയമാനുസൃതമായി ട്രൈബ്യൂണലുകളിലും മേൽ കോടതികളിലും അപേക്ഷകളും അപ്പീലുകളും സമർപ്പിക്കുകയും അവയിൽ വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് നിയമത്തിലെ വകുപ്പുകൾ പ്രകാരം നിക്ഷിപ്തമാക്കിയതിൽനിന്ന് ഒഴിവാക്കിക്കൊണ്ട് കോടതികൾ വ്യക്തികൾക്ക് അനുകൂലവിധികൾ പുറപ്പെടുവിച്ച സാഹചര്യത്തിലാണ് സ്ഥലം വിട്ടുകൊടുക്കേണ്ടി വന്നത്.

(സി) വിവിധ കേസുകളിലായി 9126 ഏക്കർ വനഭൂമി.

(ഡി) അതെ.

(ഇ) 1971-ലെ നിയമം നിലവിൽ വന്നതിനുശേഷം കാലാകാലങ്ങളിൽ സർക്കാർ തെരഞ്ഞെടുത്ത് നിയമിക്കുന്ന സർക്കാർ അഭിഭാഷകരാണ് വിവിധ കോടതികളിൽ നിക്ഷിപ്ത വന സംബന്ധമായ കേസ്സുകൾ വാദിച്ചിട്ടുള്ളത്. അവരുടെ പേരുവിവരങ്ങൾ ശേഖരിച്ചു വരുന്നു.

വനത്തിൽ നിന്നും മരം മുറിക്കുന്നതിനുള്ള മാനദണ്ഡം

64 (2777) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വനത്തിൽനിന്നും മരം മുറിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ക്ലിയർ ഫെല്ലിംഗ്, സെലക്ഷൻ ഫെല്ലിംഗ് എന്നിവയ്ക്കു മരങ്ങൾ കണ്ടുപിടിക്കുന്നത് എപ്രകാരമാണ് ;

(സി) സാൽവേജ് ഫെല്ലിംഗ് എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതുമൂലമുള്ള പ്രയോജനമെന്താണ് ;

(ഇ) വൃക്ഷ സംരക്ഷണ നിയമം വനങ്ങളിൽ നിൽക്കുന്ന മരം മുറിക്കലിനെ ബാധിക്കുമോ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(എഫ്) സ്വകാര്യഭൂമിയിൽ നിൽക്കുന്ന മരങ്ങളെ പ്രസ്തുത നിയമം എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രകൃതിദത്ത വനത്തിൽ നിന്നും മരം മുറിക്കുന്നത് കർശനമായി നിരോധിച്ചിരിക്കുകയാണ്. നട്ടുപിടിപ്പിച്ച തോട്ടങ്ങളിൽ നിന്നും മരം മുറിക്കുന്നതിന് അവ കേന്ദ്രഗവൺമെന്റ് അംഗീകരിച്ച വർക്കിംഗ് പ്ലാൻ/ മാനേജ്മെന്റ് പ്ലാൻ എന്നിവയിൽ ഉൾപ്പെട്ടിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

(ബി) പ്രായപൂർത്തിയായ തോട്ടങ്ങൾ മാത്രമാണ് ക്ലിയർ ഫെല്ലിംഗ് നടത്തുന്നത്. പ്രകൃതി ദത്ത വനങ്ങളിൽ സെലക്ഷൻ ഫെല്ലിംഗും ക്ലിയർ ഫെല്ലിംഗും നിരോധിച്ചിരിക്കുകയാണ്.

(സി) സി.എച്ച്.ആർ. റിസർവ്വിൽ (കാർഡമം ഹിൽ റിസർവ്വ്) കൈയേറിയ പ്രദേശങ്ങളിൽ നിൽക്കുന്ന വനം വകുപ്പിന് അർഹതപ്പെട്ട മരങ്ങൾ വെട്ടി ശേഖരിച്ച് സർക്കാർ ഡിപ്പോയിൽ ഇറക്കുക, വനമായി തിരികെ ലഭിക്കാൻ നിർവ്വാഹമില്ലാത്ത ഭൂമിയിലെ മരങ്ങൾ സർക്കാർ ഡിപ്പോകളിൽ ഇറക്കുക എന്നീ പദ്ധതികൾക്കാണ് സാൽവേജ് ഫെല്ലിംഗ് എന്നു പറയുന്നത്.

(ഡി) കൈയേറ്റ സ്ഥലത്തു നിൽക്കുന്ന സർക്കാർ വക മരങ്ങൾ അന്യാധീനപ്പെട്ടു പോകാതെ വെട്ടി ശേഖരിച്ച് സർക്കാരിന് മുതൽകൂട്ടുവാൻ സാധിക്കും.

(ഇ) സർക്കാർ വനങ്ങളിൽ നിൽക്കുന്ന മരംമുറിക്കലിനെ ബാധിക്കുന്നതല്ല.

(എഫ്) സ്വകാര്യഭൂമിയിൽ നിൽക്കുന്ന ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേംപാവ്, കംപകം, ചെമ്പകം, ചടച്ചി, ചന്ദനവേപ്പ്, ചീനി എന്നീ പത്തിനം മരങ്ങൾ മുറിക്കുന്നതിന് "അധികാരപ്പെട്ട ആഫീസറുടെ" അനുവാദം വാങ്ങണം. മേൽ മരങ്ങൾ ജീവനും സ്വത്തിനും അപകടകരമായി നിൽക്കുകയാണെങ്കിലോ, ഉണങ്ങിയതോ കാറ്റത്ത് വീണതോ ആണെങ്കിലോ മേൽ മരങ്ങൾ മുറിക്കുന്നത് തന്റെ സ്വന്തം ഉപയോഗത്തിന് വീട് വയ്ക്കുന്നതിനുള്ള സ്ഥലത്തിനുവേണ്ടിയോ, വീട് ഉണ്ടാക്കുന്നതിനുവേണ്ടിയോ ആണെങ്കിൽ ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആഫീസർ അനുവാദം നൽകുന്നതാണ്. എന്നാൽ ഒരു ഹെക്ടറിന് താഴെ വിസ്തീർണ്ണം ഉള്ള വീട് നിൽക്കുന്ന പുരയിടത്തിൽ നിന്നും മേൽപ്പറഞ്ഞ ഇനം മരങ്ങൾ മുറിക്കുന്നതിന് അനുവാദം ആവശ്യമില്ല.

അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട റെയിഞ്ചർമാർക്ക് പ്രൊമോഷൻ

65 (2778) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ഡിസംബറിന് ശേഷം ഇതുവരെ ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട എത്ര റെയ്ഞ്ചർമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാറ്റഗറിയിൽപ്പെട്ട എത്രപേർ സർവ്വീസിൽ നിന്നും വിരമിച്ചു ;

(സി) 1999 ഒക്ടോബറിന് ശേഷം ഇതുവരെ ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട എത്ര റെയ്ഞ്ചർമാർക്ക് സ്ഥാനക്കയറ്റം നൽകി ;

(ഡി) ഇവരിൽ എത്രപേർ സർവ്വീസിൽ നിന്നും വിരമിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 8 റെയിഞ്ചർമാർ.

(ബി) ഈ കാറ്റഗറിയിൽപ്പെട്ട ആരും തന്നെ സർവ്വീസിൽ നിന്നും വിരമിച്ചിട്ടില്ല.

(സി) 1999 ഒക്ടോബറിന് ശേഷം ഫോറസ്റ്റ് അപ്രന്റീസ് കാറ്റഗറിയിൽപ്പെട്ട ആർക്കും ഇതുവരെ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനിലെ അരിപ്രാകുത്ത് കശുമാവ് തോട്ടം ലേലം ചെയ്ത നടപടി

66 (2779) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള അരിപ്രാകുത്ത് കശുമാവ് തോട്ടം ലേലം ചെയ്തതിൽ അഴിമതി നടന്നിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കശുമാവ് തോട്ടം ലേലം ചെയ്ത് എടുത്തത് ആരായിരുന്നു ;

(സി) നോർത്ത് ഡി.എഫ്.ഒ. യുടെ കോട്ടയത്തുള്ള ബന്ധുക്കളുടെ പേരിൽ കുറഞ്ഞ തുകയ്ക്ക് ഡി.എഫ്.ഒ. തന്നെ ലേലം ഉറപ്പിച്ചു കൊടുക്കുകയായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly